"ഭരണഭാഷ-മാതൃഭാഷ"

WCD-E5/5908/2021

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 01.06.2022
Phone: 0471-2346508
Fax: 0471-2346534
ഇ-മെയിൽ:directotare.wcd@kerala.gov.in

## <u>നോട്ടീസ്</u>

(അനുബന്ധം- എച്ച് 4)

ശ്രീമതി.ബിഷാര.എൻ.ബി, ഐസിഡിഎസ്സ് സൂപ്പർവൈസർ, ഐസിഡിഎസ്സ് കൊച്ചി അർബൻ 1 എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ 1960 ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണനടപടി നിങ്ങൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന നിങ്ങളുടെ പ്രതിവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ നിങ്ങളോട് നിർദ്ദേശിച്ചുകൊണ്ടുള്ള കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള ചാർജ്ജ് മെമ്മോ/ കുറ്റപത്രം/കാരണം കാണിക്കൽ നോട്ടീസ് 05.08.2021 തീയതിയിലെ ഇ5/5908/2021 നമ്പർ പ്രകാരം 24.08.2021, 26.10.2021 തീയതികളിൽ ഏറ്റവും ഒടുവിൽ അറിയാവുന്ന നിങ്ങളുടെ മേൽവിലാസത്തിൽ അയച്ചിരുന്നു. എന്നാൽ ആ ചാർജ്ജ് മെമ്മോ/കാരണം കാണിക്കൽ നോട്ടീസ് വിതരണം ചെയ്യപ്പെടാതെ UNCLAIMED എന്ന പുറത്തെഴുത്ത് സഹിതം പോസ്റ്റൽ അധികാരികൾ വകുപ്പിലേയ്ക്ക് മടക്കി. അതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ നിങ്ങൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് നിങ്ങളുടെ ലിഖിതമായ പ്രതിവാദ പത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്ത പക്ഷം നിങ്ങൾക്ക് യാതൊരു പ്രതിവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള

നടപടികൾ എടുക്കുന്നതുമാണ്, കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കുറ്റാരോപണത്തിന്റെ/ കാരണം കാണിക്കൽ നോട്ടീസിന്റെ പൂർണ്ണരൂപം നിശ്ചിതകാലാവധിക്കു മുമ്പ് വനിത ശിശു വികസന ഡയറക്ടർ, പൂജപ്പുര, തിരുവനന്തപുരം -ൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ നിങ്ങളുടെ മേൽവിലാസം നൽകിക്കൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിന്മേലോ നിങ്ങൾക്കു വാങ്ങാവുന്നതാണ്. കൂടാതെ ഈ കാര്യാലയത്തിൽ നിന്നും താങ്കൾക്ക് നൽകിയിരുന്ന നോട്ടീസ്, കുറ്റപത്രം എന്നിവ വകുപ്പിന്റെ വെബ്സൈറ്റായ **wcd.kerala.gov.in** ൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട് എന്നറിയിക്കുന്നു.

വനിത ശിശു വികസന ഡയറക്ടർ

ശ്രീമതി.ബിഷാര.എൻ.ബി,
സൂപ്പർവൈസർ,
ശിശുവികസന പദ്ധതി ഓഫീസ്
കൊച്ചി അർബൻ – 1